**സ്പീഡ് പോസ്റ്റ്**

**'ഭരണ ഭാഷ - മാതൃ ഭാഷ'**

**നമ്പർ: ഒ&എം2/4458/2013**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ്,
ഡിസൈൻ & ഭരണ വിഭാഗം,
തിരുവനന്തപുരം.
തീയതി: 15/03/2013.

പ്രേഷിതൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും.

സർ,

വിഷയം: വിവരാവകാശ നിയമം 2005 - സർക്കാർ വെബ്സൈറ്റിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫിസർ / അപ്പീൽ അധികാരി എന്നിവരുടെ പേര്, സ്ഥാന നാമം എന്നിവ പ്രസിദ്ധപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന: 1. സർക്കാരിന്റെ 05/02/2013 ലെ 93100/സി.ഡി.എൻ.5/12/പൊ.ഭ.വ. നമ്പർ കത്ത്.
2. 30/10/2006 ലെ 77000/സി.ഡി.എൻ.5/06/പൊ.ഭ.വ. നമ്പർ സർക്കുലർ.

വിവരാവകാശ നിയമം ബാധകമാക്കിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളും ആ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ / അപ്പീൽ അധികാരി എന്നിവരുടെ പേര്, ഉദ്യോഗപ്പേര്, ബന്ധപ്പെട്ട ഫോൺ നമ്പർ എന്നിവ നിശ്ചിത പ്രൊഫോർമയിൽ അതാത് ഓഫീസുകളിൽ എഴുതി പ്രസിദ്ധീകരിക്കണമെന്നും ബന്ധപ്പെട്ട സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും സൂചന (2) ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സർക്കാരിന് വിവരാവകാശ കമ്മീഷനിൽ നിന്നും മറ്റ് മേഖലകളിൽ നിന്നും ലഭിയ്ക്കുന്ന പരാതികൾ കണക്കിലെടുത്ത് എല്ലാ ബന്ധപ്പെട്ട അധികാരികളും അതാത് ഓഫീസുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ / അപ്പീൽ അധികാരിയുടെ പേര്, ഉദ്യോഗപ്പേര്, ഫോൺ നമ്പർ എന്നിവ കർശനമായും ബന്ധപ്പെട്ട വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് സൂചന (1) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ താങ്കളുടെയും താങ്കളുടെ പരിധിയിൽ വരുന്ന ഓഫീസുകളിലെയും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട അധികാരികളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പ്രഫോർമ പ്രകാരം ക്രോഡീകരിച്ച് 26/03/2013 തീയതിയ്ക്കകം പ്രത്യേക ദൂതൻ വശം ഈ ഓഫീസിൽ ഹാജരാക്കാൻ നിർദ്ദേശിക്കുന്നു.

ഈ ഓഫീസർമാർ വിരമിക്കുന്ന / സ്ഥലംമാറി പോകുന്ന സമയത്ത് പകരം വരുന്ന ഓഫീസർമാരുടെ പേരുകൾ യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേര് (ഉദ്യോഗപ്പേര് സഹിതം) | അപ്പീൽ അധികാരിയുടെ പേര് (ഉദ്യോഗപ്പേര് സഹിതം) | ഫോൺ നമ്പർ |
|---|---|---|---|---|
| | | | | |

വിശ്വസ്തതയോടെ,

for ചീഫ് എഞ്ചിനീയർ